**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** **11-10-2024 - ൽ മറുപടിയ്ക്ക്**

**പുതിയ പോളിടെക്നിക്കിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ വിളപ്പിൽ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ എന്തായെന്ന് വിശദമാക്കാമോ; | (എ) | **കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ സർവ്വേ നമ്പർ 227/3, 227/4, 228/4, 228/3 എന്നിവയിൽ 2.0214 ഹെക്ടർ സ്ഥലം വിളപ്പിൽശാല പോളിടെക്നിക്ക് കോളേജ് നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.** |
| (ബി) | പ്രസ്തുത പോളിടെക്നിക്കിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാമോ; | (ബി) | നിലവിൽ ഇല്ല. പ്രസ്തുത പോളിടെക്നിക്കിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. |
| (സി) | പ്രസ്തുത പോളിടെക്നിക്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള തുടർനടപടികൾ വിശദമാക്കാമോ? | (സി) | സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനു ശേഷം മാത്രമേ എ.ഐ.സി.ടി.യിൽ നിന്നും അനുമതി നേടാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ